## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 210 — 18.12.2012-ൽ മറുപടിയ്ക്ക്

### സംയോജിത ഔട്ട് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.എ.റ്റി.ജോർജ് | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സംയോജിത ഔട്ട് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;<br>വിശദമാക്കുമോ ; | (എ) | ഉണ്ട്. അമരവിളയിൽ സംയോജിത ഇൻ, ഔട്ട് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം 1.9.2011 ൽ ആരംഭിച്ചു. വാഹന പരിശോധനയ്ക്കുള്ള സൗകര്യാർത്ഥം സംയോജിത ഔട്ട് ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം അമരവിള ടോൾ ജംഗ്ഷനിലേക്ക് മാറ്റിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം 27.11.2012 ന് ഉദ്ഘാടനം ചെയ്തു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, ചരക്കു വാഹനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിർത്തിയിടുന്നത് ഒഴിവാക്കി വിവിധ വകുപ്പുകളുടെ സംയുക്ത പരിശോധനയിലൂടെ അന്തർ സംസ്ഥാന ചരക്കു നീക്കം സുഗമവും വേഗത്തിലുമാക്കുക, ചരക്കുവാഹനങ്ങളുടെ നിർത്തിയിടൽ മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുക തുടങ്ങിയവയാണ് സംയോജിത ചെക്ക്പോസ്റ്റുകളുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. സംയുക്ത പരിശോധനയിലൂടെ വിവിധ വകുപ്പുകളുടെ പരിശോധന<br>(.........2) |

| | | | |
|---|---|---|---|
| | | | ഒരേ സമയം നടക്കുമെന്നുള്ളതിനാൽ പരിശോധന സമയം കാര്യമായി കുറയുകയും ആയതിനെ തുടർന്ന് speedy clearance സാദ്ധ്യമാവുകയും ചെയ്യും. കേന്ദ്രീകൃത പരിശോധന യ്ക്കായി അത്യാധുനിക സംവിധാന ങ്ങളും പ്രയോഗത്തിൽ കൊണ്ടു വരാൻ സാധിക്കും. |
| (സി) | എവിടെയെല്ലാമാണ് ഇവ പ്രവർത്തിക്കുന്നത് ; ഈ സംവിധാനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ ? | (സി) | തിരുവനന്തപുരം ജില്ലയിലെ അമര വിളയിൽ സംയോജിത ചെക്ക്പോസ്റ്റ് പ്രവർത്തിക്കുന്നു. സംയോജിത ചെക്ക്പോസ്റ്റ് സംവിധാനം മറ്റു പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി ആരംഭിച്ചു കഴിഞ്ഞു. |

B.V.Kumar

സെക്ഷൻ ഓഫീസർ